## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1 ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും രജിസ്റ്റർ നമ്പരും മറ്റ് ബന്ധപ്പെട്ട വിവരങ്ങളും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ നിശ്ചിത സ്ഥലത്ത് എഴുതേണ്ടതും ആറുമാസത്തിനകം എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ (4.5 സെ.മീ x 3.5 സെ.മീ.) പതിച്ചിരിക്കേണ്ടതുമാണ്. സ്റ്റാമ്പ് സൈസ് ഫോട്ടോ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ പതിക്കാൻ പാടില്ല. ഉദ്യോഗാർത്ഥിയുടെ മുഖം പൂർണ്ണമായി ഫോട്ടോയുടെ മദ്ധ്യഭാഗത്തായി പതിഞ്ഞിരിക്കേണ്ടതാണ്. ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് വെള്ള നിറത്തിലുള്ള മാറ്റ് പേപ്പറിൽ എടുത്ത ബ്ലാക്ക് ആന്റ് വൈറ്റ്/കളർ ഫോട്ടോ തിരിച്ചറിയൽ പത്രികയിൽ പതിക്കേണ്ടതാണ്.

ഫോട്ടോയിലും സാക്ഷ്യപത്രത്തിനു താഴെയും ഉദ്യോഗാർത്ഥി പരീക്ഷാഹാളിൽ വച്ച് അസിസ്റ്റന്റ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ടിരിക്കണം. ഇപ്രകാരം ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ രണ്ട് സ്ഥലത്തും ഒപ്പിടാത്ത ഉദ്യോഗാർത്ഥികളെ പരീക്ഷയ്ക്കിരിക്കാൻ അനുവദിക്കുന്നതല്ല. അനുവദിച്ചാൽതന്നെയും അവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്. പരീക്ഷാ സമയത്ത് പരീക്ഷാഹാളിൽവച്ച് അഡ്രസ് ലിസ്റ്റിൽ പേരിനെതിരെയും ഉദ്യോഗാർത്ഥി ഒപ്പിടേണ്ടതാണ്. അപ്രകാരം ഒപ്പിടാത്ത ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകളും അസാധുവാക്കുന്നതാണ്. മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാതെയുള്ള ഫോട്ടോ പതിച്ചതോ, ഫോട്ടോ പതിക്കാത്തതോ ആയ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുന്നതല്ല

2 A,B,C,D എന്നിവയിൽ ഏതെങ്കിലും ഒരു അക്ഷരകോഡ് **(alpha code)** രേഖപ്പെടുത്തിയ ചോദ്യപുസ്തകമാണ് ഉദ്യോഗാർത്ഥികൾക്ക് നൽകുന്നത്. **ഉദ്യോഗാർത്ഥികൾ ഉത്തരക്കടലാസുകളിൽ തങ്ങളുടെ രജിസ്റ്റർ നമ്പർ, ചോദ്യ പുസ്തക അക്ഷരകോഡ് (Question Booklet Alpha Code) എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.** ഇവ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. രജിസ്റ്റർ നമ്പർ രേഖപ്പെടുത്തുന്നതിന് ആറ് ചതുരങ്ങൾ ഉണ്ട്. കൂടാതെ രജിസ്റ്റർ നമ്പറിന് മുമ്പ് ഇംഗ്ലീഷ് അക്ഷരമാലയിലെ ഒരു അക്ഷരവും ഉണ്ടായിരിക്കും. ഇത് രേഖപ്പെടുത്തുന്നതിന് ഒരു പ്രത്യേക ചതുരവും മേൽപ്പറഞ്ഞ ആറ് ചതുരങ്ങൾക്ക് മുമ്പായി ഉണ്ടായിരിക്കും.

3 ഉദ്യോഗാർത്ഥിയുടെ രജിസ്റ്റർ നമ്പർ, ജനനതീയതി, ഉദ്യോഗാർത്ഥി ഉൾപ്പെടുന്ന ജാതി/സമുദായം/ഗ്രൂപ്പ്, പരീക്ഷയുടെ പേര്, പരീക്ഷാതീയതി, ചോദ്യപുസ്തക അക്ഷരകോഡ് **(Question Booklet Alpha Code)** എന്നിവ ഉത്തരക്കടലാസിൽ യഥാസ്ഥാനത്തു മാത്രം രേഖപ്പെടുത്തേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പേരോ, അഡ്രസോ, രജിസ്റ്റർ നമ്പരോ മറ്റേതെങ്കിലും അടയാളമോ ഉത്തരക്കടലാസിൽ മറ്റൊരിടത്തും രേഖപ്പെടുത്തുവാൻ പാടുള്ളതല്ല. ഈ നിബന്ധന പാലിക്കാത്തവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതാണ്. ഉത്തരക്കടലാസിൽ കുമിളകൾ

(**bubbles**) അടയാളപ്പെടുത്തുവാൻ ബോൾപോയിന്റ് പേന(നീല/കറുപ്പ്) മാത്രം ഉപയോഗിയ്ക്കുക

**4. മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, പേജർ, വാക്മാൻ, കാൽക്കുലേറ്റർ എന്നിവ പരീക്ഷാ കേന്ദ്രങ്ങളിൽ നിരോധിച്ചിരിക്കുന്നു.**

5 ചീഫ് സൂപ്രണ്ടിനോടോ അസിസ്റ്റന്റ് സൂപ്രണ്ടിനോടോ മറ്റുദ്യോഗസ്ഥരോടോ പരീക്ഷാ ഹാളിൽ അപമര്യാദയായി പെരുമാറുകയോ, പരീക്ഷയിൽ അനാശാസ്യമാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ പരീക്ഷാഹാളിൽ നിന്നും പുറത്താക്കുന്നതാണ്. അവരുടെ ഉത്തരക്കടലാസ്സുകൾ അസാധുവാക്കുന്നതും കമ്മീഷൻ നടത്തുന്ന തെരഞ്ഞെടുപ്പുകളിൽ കമ്മീഷൻ നിശ്ചയിക്കുന്ന കാലയളവുവരെ അവരെ അയോഗ്യരാക്കുന്നതുമാണ്.

6 അഡ്മിഷൻ ടിക്കറ്റുകളുടെ പരിശോധനയ്ക്ക് ഉദ്യോഗാർത്ഥികൾ പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പ് കൃത്യമായി പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റുകൾ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷയ്ക്കിരിക്കുവാൻ അനുവദിക്കുന്നതല്ല.

7 ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷയായതിനാൽ പരീക്ഷയ്ക്ക് വൈകി എത്തുന്നവരെ അവർ ഒരു മിനിട്ടാണ് വൈകുന്നതെങ്കിൽ പോലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. അതുപോലെ തന്നെ പരീക്ഷ തുടങ്ങിയതിനുശേഷം, പരീക്ഷ തീരുന്നതുവരെ ഉദ്യോഗാർത്ഥികളെ പരീക്ഷാഹാളിൽ നിന്നും പുറത്തു പോകുന്നതിനും അനുവദിക്കുന്നതല്ല. നിശ്ചിത സമയത്തിനു മുമ്പ് പരീക്ഷ എഴുതി തീർക്കുന്ന ഉദ്യോഗാർത്ഥികളെ സംബന്ധിച്ചും ഈ നിബന്ധന ബാധകമാണ്.

8 ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടവിധം അഡ്മിഷൻ ടിക്കറ്റിനോടൊപ്പം അയയ്ക്കുന്ന പൊതുനിർദ്ദേശങ്ങളിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ഉത്തരക്കടലാസ്സ് പരീക്ഷ കഴിഞ്ഞതിനുശേഷം പരീക്ഷാഹാൾ വിട്ട് പുറത്ത് പോകുന്നതിനു മുമ്പായി അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസിന്റെ പാർട്ട് 'എ' യും പാർട്ട് 'ബി' യും നിശ്ചിതസ്ഥാനത്ത് കൂടി കീറി വേർതിരിച്ച് രണ്ടുഭാഗങ്ങളും പരീക്ഷാഹാളിൽ വച്ചു തന്നെ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.

9 യാത്രപ്പടിയ്ക്ക് അർഹതയുള്ള പട്ടികജാതി/പട്ടികവർഗ്ഗം/അർഹതയുള്ള മറ്റ് വിഭാഗത്തിൽപ്പെട്ടവർ/മുൻപ്രസ്താവിച്ച വിഭാഗത്തിൽ നിന്നും മതപരിവർത്തനം ചെയ്തവർ, കുടുംബി എന്നി വിഭാഗത്തിൽപ്പെട്ടവർ പരീക്ഷയുടെ അന്നുതന്നെ ചീഫ് സൂപ്രണ്ടിൽ നിന്നും അറ്റന്റൻസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

10 അപേക്ഷ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ അപേക്ഷകരെയെല്ലാം പരീക്ഷ എഴുതുവാൻ സോപാധികമായി അനുവദിച്ചിരിക്കുകയാണ്. അപേക്ഷകളുടെ വിശദമായ പരിശോധനയിൽ ന്യൂനതകൾ കാണുന്ന പക്ഷം അത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

11 യാതൊരു കാരണവശാലും പരീക്ഷാകേന്ദ്രത്തിന് മാറ്റം അനുവദിക്കുന്നതല്ല